ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26-10-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിന് ആരോഗ്യ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says that health institutions should prioritize fulfilling their social responsibilities.**

2. രാജ്യത്തിൻറെ സംസ്കാരിക ഐക്യം, തദ്ദേശീയ സംരംഭങ്ങൾ, ദേശീയ പൈതൃകം എന്നിവ ഉയർത്തിക്കാട്ടി പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Mann Ki Baat: PM Modi Highlights India's Cultural Unity, Indigenous Initiatives and National Heritage**

3. ദേശീയഗീതമായ വന്ദേമാതരത്തിൻറെ വരികൾ വിഭാവനം ചെയ്യുന്ന ഓജസ്സും തേജസ്സുമുള്ള രാജ്യം കെട്ടിപ്പടുക്കണമെന്ന് പ്രധാനമന്ത്രിയുടെ ആഹ്വാനം.

   **The Prime Minister's call to build a nation with vigor and splendor that embodies the lyrics of the national song**

4. ഇരുപത്തിയൊന്നാം നൂറ്റാണ്ട് ഇന്ത്യയുടേയും ആസിയാൻറെതുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; ഇന്ത്യ- ആസിയാൻ ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

**Prime Minister Narendra Modi says that the 21st century belongs to India and ASEAN; Prime Minister addressed the India-ASEAN Summit.**

5. വടക്കൻ കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കേരള തീരത്ത് മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   **The Central Meteorological Department has predicted heavy rains in North Kerala; Fishing has been banned off the Kerala coast till the day after tomorrow.**

6. ഐസിസി വനിതാ ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യ ബംഗ്ലാദേശ് പോരാട്ടം.

   **India and Bangladesh clash in the ICC Women's Cricket World Cup.**

&&&&&&&&&&&&&&&&

## PREZ HEALTHCARE

ആരോഗ്യകരവും വികസിതവുമായ രാജ്യം കെട്ടിപ്പടുക്കുന്നതിൽ, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾക്ക് മികച്ച സംഭാവന നൽകാൻ കഴിയുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഗാസിയാബാദ് ഇന്ദിരാപുരത്ത്, 'യശോദ മെഡിസിറ്റി' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. . ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവ രാജ്യത്ത് നിരന്തരം വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിന് ആരോഗ്യ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്നും രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&

## Mann ki Baat - 1 (INTRO)

ദേശീയഗീതമായ വന്ദേമാതരത്തിൻറെ വരികൾ വിഭാവനം ചെയ്യുന്ന ഓജസ്സും തേജസ്സുമുള്ള രാജ്യം കെട്ടിപ്പടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മാൻ കി ബാത്തിൻറെ 127-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വന്ദേമാതരത്തിൻറെ

150 -ാമം വാർഷികം നവംബർ 7-ന് രാജ്യം ആഘോഷിക്കും. ഓപ്പറേഷൻ സിന്ദൂർ' എല്ലാ ഭാരതീയരിലും അഭിമാനം നിറച്ചെന്ന് ശ്രീ. മോദി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ഉരുക്കുമനുഷ്യൻ സർദാർ വല്ലഭ് ഭായ് പട്ടേലിൻറെ ജന്മവാർഷികദിനമായ ഈ മാസം 31 ന് രാജ്യമെമ്പാടും നടക്കുന്ന 'റൺ ഫോർ യൂണിറ്റി'യിൽ പങ്കെടുക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ചരക്കു സേവന നികുതി പരിഷ്കാരങ്ങൾ, ഉത്സവകാലത്തിന് ആവേശം പകർന്നു. തദ്ദേശീയഉത്പന്നങ്ങളുടെ കച്ചവടം, ഉത്സവകാലത്ത് ഗണ്യമായി വർദ്ധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## Mann ki Baat- 2

സമുദ്ര ആവാസവ്യവസ്ഥയുടെ സുപ്രധാന ഭാഗമായ കണ്ടൽക്കാടിൻറെ പ്രാധാന്യത്തെ കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രതിപാദിച്ചു. പാചക എണ്ണയുടെ ഉപഭോഗത്തിൽ 10 ശതമാനം കുറവ് വരുത്തണമെന്ന അഭ്യർത്ഥനയ്ക്ക് ജനങ്ങളിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചു. വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച്, 'ഏക് പേഡ് മാ കേ നാം' പ്രചാരണം മുന്നോട്ട് കൊണ്ട് പോകണം. തദ്ദേശീയ ഇനം നായ്ക്കളെ ദത്തെടുക്കാനുള്ള തൻറെ ആഹ്വാനം ഉൾക്കൊണ്ട്, ബിഎസ്എഫും സിആർപിഎഫും സ്ക്വാഡുകളിൽ ഇത്തരം നായ്ക്കളുടെ എണ്ണം വർദ്ധിപ്പിച്ചതിൽ ശ്രീ. നരേന്ദ്രമോദി സന്തോഷം പങ്കുവച്ചു. കാപ്പികൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും, കാപ്പിയുടെ സ്വാദിനെക്കുറിച്ചും മൻ കി ബാത്തിൽ പരാമർശിച്ച പ്രധാനമന്ത്രി,കേരളത്തിലെ വയനാട്, തിരുവിതാംകൂർ, മലബാർ പ്രദേശങ്ങളിലെ കാപ്പിയുടെ വൈവിധ്യം ശ്രദ്ധേയമാണെന്നും പറഞ്ഞു. സംസ്കൃത ഭാഷയ്ക്ക് സമൂഹമാധ്യമത്തിലൂടെ പുതുജീവൻ ലഭിക്കുന്നതിലും പ്രധാനമന്ത്രി ആഹ്ളാദം പങ്കുവച്ചു.

&&&&&&&&&&&&&&&&

## Mann ki Baat- Reaction (INTRO)

സംസ്കൃതത്തിന് പ്രാമുഖ്യം വർധിക്കുന്നത് ആശാവഹമാണെന്ന് തിരുവനന്തപുരം ഗവണ്മെൻറ് സംസ്കൃത കോളേജിലെ പ്രൊഫസർ പ്രദീപ് വർമ്മ പി.കെ. ആകാശവാണി വാർത്തകളോട് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ സംസ്കൃതഭാഷയുടെ പ്രചാരം വർധിക്കുന്നതിനെ കുറിച്ച് പരാമർശിച്ച പ്രശ്ചാത്തലത്തിൽ ആയിരുന്നു അദ്ദേഹത്തിൻറെ പ്രതികരണം.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## PM- INDIA-ASEAN SUMMIT (INTRO)

ഇരുപത്തിയൊന്നാം നൂറ്റാണ്ട് ഇന്ത്യയുടേയും ആസിയാൻറെതുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യ- ആസിയാൻ ഉച്ചകോടിയെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലോക ജനസംഖ്യയുടെ കാൽ ഭാഗത്തോളം, ഇന്ത്യയിലും ആസിയാൻ രാജ്യങ്ങളിലും ആണ് ഉള്ളത്. അനിശ്ചിതത്വങ്ങൾക്കിടയിലും ഇന്ത്യ- ആസിയാൻ സമഗ്ര പങ്കാളിത്തം മികച്ച പുരോഗതി കൈവരിച്ചു. ആഗോള സുസ്ഥിരതക്കും, വികസനത്തിനും മികച്ച അടിത്തറയിടാൻ പങ്കാളിത്തം സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. 2026 നെ ആസിയാൻ-ഇന്ത്യ സമുദ്ര സഹകരണ വർഷമായി പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## EVE. ASEAN

നാല്പത്തിയേഴാമത് ആസിയാൻ ഉച്ചകോടിക്ക് മലേഷ്യയിലെ ക്വാലാലമ്പുരിൽ തുടക്കമായി. തിമോർ ലെസ്റ്റെയെ ആസിയാനിലെ പതിനൊന്നാമത് അംഗരാജ്യമായി ഉച്ചകോടി സ്വീകരിച്ചു. പ്രാദേശിക ഐക്യം, സാമ്പത്തിക വളർച്ച, കണക്ടിവിറ്റി എന്നിവ വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ചർച്ചകൾ മൂന്ന് ദിവസത്തെ ഉച്ചകോടിയിൽ നടക്കും. ആസിയാൻ ഉച്ചകോടിയുടെ

പശ്ചാത്തലത്തിൽ നാളെ നടക്കുന്ന കിഴക്കൻ ഏഷ്യ ഉച്ചകോടിയിൽ വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ, പ്രധാനമന്ത്രി നരേന്ദ്രമോദിയെ പ്രതിനിധീകരിച്ച് പങ്കെടുക്കും.

&&&&&&&&&&&&&&&&

## EVE VICE PREZ SEYCHELLES

ദ്വിദിന സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ സെഷെൽസിൽ എത്തി . നിയുക്ത സെഷെൽസ് പ്രസിഡൻറ് ഡോക്ടർ പാട്രിക് ഹെർമിണിയുടെ സ്ഥാനാരോഹണ ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. സെഷെൽസിലെ ഇന്ത്യൻ സമൂഹത്തെയും ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&

## GOYAL- VISIT BRUSSELS

കേന്ദ്ര വാണിജ്യമന്ത്രി പിയൂഷ് ഗോയലിൻറെ രണ്ട് ദിവസത്തെ ബെൽജിയം സന്ദർശനം നാളെ ആരംഭിക്കും. ഇന്ത്യ- യൂറോപ്യൻ യൂണിയൻ വ്യാപാരം, സാമ്പത്തിക സഹകരണം എന്നിവ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ചർച്ചകൾ സന്ദർശനത്തിനിടെ നടക്കും. ഇന്ത്യ- ഇ. യു. സ്വതന്ത്ര വ്യാപാര കരാർ അന്തിമമാക്കുന്നത് ലക്ഷ്യമിട്ടുള്ള ചർച്ചകൾ നിർണ്ണായക ഘട്ടത്തിലേക്ക് കടന്ന സാഹചര്യത്തിൽ കൂടിയാണ് കേന്ദ്രമന്ത്രിയുടെ സന്ദർശനം.

&&&&&&&&&&&&&&&&

## ICC WOMENS CRICKET

ഐസിസി വനിതാ ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യ ബംഗ്ലാദേശ് മത്സരം മഴ മൂലം നിർത്തി വച്ചിരിക്കുന്നു. നിലിവിൽ ബംഗ്ലാദേശ് 12.2 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 39 റൺസെന്ന നിലയിലാണ്. നവി മുംബൈയിൽ നടക്കുന്ന മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുക്കുകയായിരുന്നു.. .

&&&&&&&&&&&&&&&&

## KERALA SCHOOL MEET

കേരള സ്കൂൾ കായികമേളയിൽ 1539 പോയിൻറുമായി തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു.

173 സ്വർണ്ണം, 125 വെള്ളി, 147 വെങ്കലം എന്നിവ നേടിയാണ് തലസ്ഥാന ജില്ല മുന്നേറ്റം തുടരുന്നത്. 737 പോയിൻറുമായി തൃശൂർ രണ്ടാമതും 663 പോയിൻറുമായി പാലക്കാട് മൂന്നാമതുമാണ്.

&&&&&&&&&&&&&&&&

## WEATHER KERALA

കേരളത്തിലെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ബുധനാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

## ROSHI AGUSTINE

ഇടുക്കി അടിമാലിയിൽ ദേശീയപാത നിർമ്മാണത്തെ തുടർന്ന് വീടിനു മുകളിലേക്ക് മണ്ണിടിഞ്ഞ് ഒരാൾ മരിച്ച സംഭവത്തിൻറെ പശ്ചാത്തലത്തിൽ, ദുരന്ത ബാധിത പ്രദേശത്തെ 44 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ മന്ത്രി റോഷി അഗസ്റ്റിൻ്റെ നേതൃത്വത്തിൽ ചേർന്ന അടിയന്തര യോഗത്തിൽ തീരുമാനം. 25 കുടുംബങ്ങളെ താത്കാലിക ക്യാമ്പിലേക്ക് കഴിഞ്ഞ ദിവസം മാറ്റിയത് അപകടത്തിൻ്റെ വ്യാപ്തി കുറച്ചതായി മന്ത്രി പറഞ്ഞു. ദേശീയപാത നിർമാണ പ്രവർത്തനങ്ങളിൽ അപാകതയുണ്ടോയെന്ന് പരിശോധിക്കുമെന്ന് റവന്യൂമന്ത്രി കെ രാജൻ അറിയിച്ചു. അതേസമയം ദേശീയപാതാ നിർമാണം താത്കാലികമായി നിർത്തിവയ്ക്കാൻ ജില്ലാകളക്ടർ ഉത്തരവിട്ടു.

&&&&&&&&&&&&&&&&

## Chhath Puja

ഉത്തരേന്ത്യയിൽ നാലു ദിവസം നീണ്ടു നിൽക്കുന്ന ഛാഠ് പൂജ ആഘോഷങ്ങൾ പുരോഗമിക്കുന്നു. സമൂഹത്തിൽ ഐക്യം, സഹകരണം, കൂട്ടായ പങ്കാളിത്തം എന്നിവയുടെ സന്ദേശം ഛാഠ് പൂജ നൽകുന്നതായി രാഷ്ട്രപതി ആശംസ സന്ദേശത്തിൽ പറഞ്ഞു . രാജ്യത്തിൻറെ സാംസ്കാരിക പ്രാധാന്യം

എടുത്തുകാണിക്കുന്നതാണ് ഇത്തരം ആഘോഷങ്ങൾ എന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## BIHAR POLL CAMPAIGN

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പ് ആദ്യ ഘട്ട വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ പ്രചാരണം ഊർജിതമാക്കി മുന്നണികൾ. എൻ.ഡി.എ, മഹാഗഢ്ബന്ധൻ മുന്നണികളുടെ മുതിർന്ന നേതാക്കൾ പ്രചാരണത്തിനായി സംസ്ഥാനത്തുണ്ട്. ഛഠ് പൂജ സമാപിക്കുന്നതോടെ വരും ദിവസങ്ങളിൽ ബി.ജെ.പി, ജെ.ഡി.യു, ആർ.ജെ.ഡി, കോൺഗ്രസ്സ് എന്നിവരുടെ താര പ്രചാരകരും ദേശീയ നേതാക്കളും ഉൾപ്പെടെ സംസ്ഥാനത്ത് കൂടുതൽ സജീവമാകുമെന്നാണ് സൂചന. വികാസ് ശീൽ ഇൻസാൻ പാർട്ടി, ജൻ സുരാജ് പാർട്ടി, രാഷ്ട്രീയ ലോക് ജൻശക്തി പാർട്ടി, ബി.എസ്.പി എന്നിവയും പ്രചാരണ രംഗത്തുണ്ട്. അടുത്ത മാസം ആറിനാണ് സംസ്ഥാനത്ത് ആദ്യ ഘട്ട വോട്ടെടുപ്പ്.

&&&&&&&&&&&&&&&&

## Election Commission advisory

ബീഹാർ തിരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പുകളിലും നിശ്ശബ്ദ പ്രചാരണസമയങ്ങളിൽ എക്സിറ്റ് പോൾ ഫലങ്ങൾ ഉൾപ്പെടെ നീരോധനം ഏർപ്പെടുത്തിയതായി കേന്ദ്രതിരഞ്ഞെടുപ്പ് കമീഷൻ . ഇത് സംബന്ധിച്ച് കമീഷൻ മാർഗ നിർദേശം പുറപ്പെടുവിച്ചു. 48 മണിക്കൂർ നിശബ്ദ കാലയളവിൽ ടിവി, റേഡിയോ, എന്നിവയിലൂടെ സംപ്രേഷണം ചെയ്യുന്ന പരിപാടികളുടെ ഉള്ളടക്കത്തിൽ പ്രത്യേക പാർട്ടിയെയോ സ്ഥാനാർത്ഥിയെയോ പരാമർശിക്കുന്ന യാതൊന്നും ഉൾപെടുത്തിയിട്ടില്ല എന്ന് ഉറപ്പാക്കണമെന്നും കമീഷൻ നിർദേശിച്ചു .

&&&&&&&&&&&&&&&&

## ECI- CEOs CONFERENCE

സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ രണ്ട് ദിവസത്തെ ദേശീയ കോൺഫറൻസിന് ന്യൂ ഡൽഹിയിൽ തുടക്കമായി. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിൻറെ അധ്യക്ഷതയിൽ ആണ് യോഗം. ദേശീയതലത്തിൽ, തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ യോഗം അവലോകനം ചെയ്യും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&